K25FY4025 Pages: 2 Reg No:.................
Name:.................

# First Semester FYUGP Degree (Reg/Sup) Examination November 2025

# KU1AECMAL103 - SAHITHYAVUM RACHANAYUM

2024 Admission onwards

Time : 1.5 hours Maximum Marks : 35

## Section A

**Answer any 6 questions. Each carry 2 marks.**

1. എതെങ്കിലും ഒരു സൗന്ദര്യവർദ്ധക വസ്തുവിന് പരസ്യവാചകം സൃഷ്ടിക്കുക

2. "സ്വപ്നങ്ങളെക്കാൾ, പ്രണയത്തിനേക്കാൾ
മരണത്തിനാണ് എന്നും മാർക്കറ്റ് " സൂചിതമെന്ത്?

3. ഡൽഹി 1981' എന്ന കഥയിലെ രജീന്ദ്രൻ പാണ്ഡെ എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് എഴുതുക.

4. " സ്മൃതിയിൽ മുങ്ങിത്താണു പൊങ്ങിയില്ലപ്പോഴേക്കും ചിത
മറ്റാരെ തെറിപ്പിച്ചതിച്ചോദ്യം മൂലം "ആരുടെ ചോദ്യമാണ് ഓർമ്മയിൽ നിന്നും ഉണർത്തിയത് എന്തായിരുന്നു ചോദ്യം?

5. 'യാർ വെരി ഇൻററസ്റ്റിങ് "(ഡൽഹി 1981 ) - സന്ദർഭം വിവരിക്കുക.

6. "ഞാൻ ഒരു വൃക്ഷത്തെയും ആരാധിക്കുന്നില്ല സൃഷ്ടികളിൽ ഒന്നിനെയും" (തേന്മാവ്) - ആരുടെ വാക്കുകളാണിത്? വിശദീകരിക്കുക.

7. തെറ്റുണ്ടെങ്കിൽ തിരുത്തുക
a) ഗരുഢൻ b) കഢിനം
c ) മേഘം d) അച്ചൻ

8. വിനീതയുടെ എസ് എം എസുകൾക്ക് ഇവിടെ ഒരു ടെക്കി എന്ന കഥയിൽ പ്രധാന സ്ഥാനമുണ്ട് - വിശദീകരിക്കുക.

## Section B

**Answer any 4 questions. Each carry 4 marks.**

9. രഘു നാനക്ച്ചർ ഡൽഹി നഗരത്തിന്റെ മൂല്യ ശോഷണം സംഭവിച്ചവരുടെ പ്രതീകമാണ് -ശരിയോ?

10. സഹവർത്തിത്വവും ജനാധിപത്യവും പുലർത്തുന്ന സമൂഹത്തെക്കുറിച്ചാണ് ഭാഷാചർച്ചകളിലൂടെ ബഷീർ വ്യക്തമാക്കാൻ ശ്രമിച്ചത് - എം എൻ കാരശ്ശേരിയുടെ ലേഖനത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in

11. ആശയം സംഗ്രഹിക്കുക.

സംഘ സാഹിത്യം പത്തുപ്പാട്ട് , എട്ടുത്തൊകൈ പതിനെൺ കീഴ്ക്കണക്ക് എന്ന് മൂന്ന് വകയായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ രണ്ടും ചേർത്ത് മേൽ കണക്ക് എന്നും വ്യവഹരിക്കാറുണ്ട്. കണക്ക് എന്നാൽ ഗ്രന്ഥം എന്നർത്ഥം. കീഴ്ക്കണക്ക് ചെറിയ ഗ്രന്ഥവും മേൽ കണക്ക് വലിയ ഗ്രന്ഥവും ആണ്. കീഴ്ക്കണക്കിൽ തിരുക്കുറൾ ഉൾപ്പെടെ 11 ഗ്രന്ഥങ്ങൾ സാരോപദേശ പ്രതിപാദകങ്ങളാണ് (നീതി നൂലുകൾ). ആറു കൃതികളുടെ പ്രമേയം അകപ്പൊരുളും. കീഴ് കണക്കിൽ ഏറ്റവും പ്രസിദ്ധമായത് തിരുക്കുറളാണ്. തിരുവള്ളുവരുടെ ഈ നീതിശാസ്ത്ര ഗ്രന്ഥം പോലെ ആദരിക്കപ്പെടുന്ന മറ്റൊരു ഗ്രന്ഥവും തമിഴില്ല. തമിഴ് വേദമാണ് തിരുക്കുറൾ. കീഴ് കണക്കിൽ ഉൾപ്പെട്ട പലതും സംഘം കൃതികളായി ആധുനിക തമിഴ് ചരിത്രകാരന്മാർ അംഗീകരിക്കുന്നില്ല. സംഘകാലത്തിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ഇവയിൽ പലതും രചിക്കപ്പെട്ടത് എന്ന് കരുതുന്നവരുണ്ട്. എങ്കിലും സംഘ സാഹിത്യത്തിൽ ഈ മൂന്നിനങ്ങളിലും പെട്ട കൃതികൾ ഉൾപ്പെടുന്നതായിട്ടാണ് പൊതുവേ കരുതിവരുന്നത്. അതുപോലെ തൊൽകാപ്പിയം എന്ന വ്യാകരണ സാഹിത്യ ലക്ഷണ ഗ്രന്ഥവും ചിലപ്പതികാരം, മണിമേഖല എന്നീ കാവ്യങ്ങളും കൂടി ചേരുമ്പോഴേ സംഘസാഹിത്യം പൂർണമാകൂ എന്ന് കരുതുന്നവരും ഉണ്ട്.

12. നോട്ടുകളും ചില്ലറകളും ചെക്കും മരണശയ്യയിലായിരിക്കുന്നു'-രാംമോഹൻ പാലിയത്ത് ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?വിശദമാക്കുക

13. " വ്യവസ്ഥാപിത സാമൂഹികചര്യകൾക്ക് നേരെയുള്ള പാർശ്വവത്കരിക്കപ്പെട്ടവരുടെ പ്രതിഷേധത്തിന്റെ പ്രതീകമാണ് കുറ്റിച്ചൂല് "- വിശകലനം ചെയ്യുക .

14. അസുഖം കാരണം ജോലിക്ക് ഹാജരാകാൻ കഴിയാത്തതിന് അവധി അപേക്ഷ തയ്യാറാക്കുക

## Section C

**Answer any 1 questions. Each carry 7 marks.**

15. വാമൊഴി വഴക്കത്തിന്റെ മലയാളത്തിലെ സുപ്രധാനരേഖയായി "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു " എന്ന കൃതി മാറുന്നത് എങ്ങനെ? വിശദീകരിക്കുക .

16. 'അങ്ങേ വീട്ടിലേക്ക് ' എന്ന കവിതയുടെ സമകാലികപ്രസക്തി വിലയിരുത്തുക.

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in